.കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനത്തിന് പദ്ധതി

6 [2778] ശ്രീ. കെ. പി. രാജേന്ദ്രൻ :
,, മാങ്കോട് രാധാകൃഷ്ണൻ :
,, പി. നാരായണൻ :
,, എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനത്തിനും, സംരക്ഷണത്തിനും എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്നറിയുമോ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ കൂടുതലായി നിക്ഷേപം നടത്താൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുള്ളതായി അറിയുമോ;

(സി) 2005-06 വർഷത്തെ കേന്ദ്രബജറ്റിൽ സംസ്ഥാനത്തുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്കായി നീക്കിവച്ചിട്ടുള്ള സഹായം എന്തെല്ലാമാണ്;

(ഡി) സംസ്ഥാനത്ത് പുതിയതായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതായി അറിയുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 2005-06 കേന്ദ്ര ബഡ്ജറ്റിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നീക്കിവച്ചിട്ടുള്ള തുക താഴെ കൊടുത്തിരിക്കുന്നു.

	തുക കോടിയിൽ
കൊച്ചിൻ റിഫൈനറീസ്	218
കൊച്ചിൻ ഷിപ്പ്യാഡ്	130.01
കൊച്ചിൻ പോർട്ട്ട്രസ്റ്റ്	53.12

മറ്റു പൊതുമേഖലാ സ്ഥാപനങ്ങളായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ്, ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്സ്, എച്ച്.എം.ടി., ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് തുടങ്ങിയവയ്ക്ക് തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെങ്കിലും അവയിൽ കേരളത്തിലെ യൂണിറ്റുകൾക്ക് എത്ര മാത്രം ലഭ്യമാക്കുമെന്ന് വ്യക്തമാക്കിയിട്ടില്ല.

(ഡി) ഇതു സംബന്ധിച്ച് വിശദാംശങ്ങളൊന്നും തന്നെ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly